

ഡോ. സ്കറിയ സഖറിയ

കാലടി ശ്രീശങ്കരാചാര്യ യൂണിവേഴ്സ്റ്റിയിൽ നിന്ന് മല യാളം, വകുപ്പദ്ധ്യക്ഷനും പ്രൊഫസറുമായി വിരമിച്ചു. ഓക്സ്ഫോർഡ്, ഹാർവാർഡ് യൂണിവേഴ്സിറ്റികളിൽ ക്ലാസ്സുകൾ നയിച്ചിട്ടുണ്ട്. ജർമ്മനിയിലെ ട്യബിംഗ് ഇസ്രായേലിലെ ഹീബ്രു യൂണിവേഴ്സിറ്റികളിൽ ഗവേ ഷണപഠനം നടത്തി. മലയാളം, ഇംഗ്ലീഷ്, ജർമ്മൻ, ഹീബ്രു ഭാഷകളിലായി മുപ്പതോളം കൃതികൾ

മാനവികതയും ജൂതമതവും

കുഴപ്പം പിടിച്ച രണ്ടു വാക്കുകളാണ് മാനവികതയും ജൂതമത വും. വ്യാപകമായി ഉപയോഗിക്കപ്പെടുന്നവയാണ് രണ്ടു പദങ്ങളും. ചിലർ ആദരപൂർവവും മറ്റു ചിലർ നിന്ദാസൂചകമായും. രണ്ടു പദ ത്തിന്റെയും വിവക്ഷകൾ വക്താക്കൾ മാറുന്നതനുസരിച്ച് തകിടം മറിയുന്നുണ്ടെന്നു സാരം. വിവക്ഷകൾ കൂടിക്കലർന്നുണ്ടാകുന്ന സങ്കീർണ്ണതകൾ ശാസ്ത്രീയമായി അപഗ്രഥിക്കാൻ ഇവിടെ ഇടമില്ല. പ്രബന്ധത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി ചില വിശദീകരണങ്ങൾ നൽകാൻ മാത്രം തുനിയുന്നു.

മനുഷ്യകേന്ദ്രിതമായ ദർശനം, കർമ്മപദ്ധതി എന്ന അർത്ഥത്തിൽ മാനവികതയെ വിശദീകരിക്കാം. അല്പം കാല്പനികത കലർത്തി യാൽ മനുഷ്യൻ എത്ര സുന്ദരജീവി, സുന്ദരപദം എന്നൊക്കെ ആശ്ച ര്യപ്പെടുകയും ചെയ്യാം. ഇനി നിങ്ങൾ ഈശ്വരവിശ്വാസിയാണെങ്കിൽ 'ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ' എന്ന് അഭി മാനം കൊള്ളാം. മനുഷ്യാവതാരങ്ങളുടെ നീണ്ട ശൃംഖലകളിലൂടെ മനുഷ്യന്റെ ദിവ്യത്വത്തെക്കുറിച്ച് എത്രയോ വിചിത്രങ്ങളും സുന്ദര ങ്ങളുമായ ആഖ്യാനങ്ങൾ ചുറ്റുപാടും ഇന്ദ്രിയങ്ങളിലേക്കു തിക്കിത്തി രക്കി വരുന്നു. കണ്ടും കേട്ടും മണത്തും രുചിച്ചും തൊട്ടും അനുഭവി ക്കാൻ മനുഷ്യാവതാരകഥകൾ എല്ലാ സംസ്കൃതികളിലും സുലഭ മാണ്. ഇവയെല്ലാം കേട്ടു ഹാലിളകിപ്പോകാതിരിക്കാൻ പ്രത്യാഖ്യാ

നങ്ങളും അനുഭവങ്ങളും വേറെയുണ്ട്. മനുഷ്യന്റെ പതനകഥകൾ. മനുഷ്യൻ മനുഷ്യനോടു കാട്ടുന്ന കൊടിയ ക്രൂരതകൾ. യുദ്ധങ്ങളുടെ കഥകളും ചരിത്രസ്മരണകളും വാർത്തകളും. പീഡനത്തിന്റെയും വിവേചനത്തിന്റെയും ചൂഷണത്തിന്റെയും അനുഭവവൃത്താന്തങ്ങൾ. അമ്മയെപ്പോലെ മനുഷ്യനെ പരിപാലിക്കുന്ന പ്രകൃതിയെ ബലാത്സംഗം ചെയ്യുന്ന മനുഷ്യന്റെ ആർത്തി. മറ്റെല്ലാ സൃഷ്ടികളും സൃഷ്ടിയുടെ മകുടമായ മനുഷ്യനു വേണ്ടിയാണെന്നതും 'മാനവികതാവാദ'ത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുന്നത്. ഇങ്ങനെ നോക്കുമ്പോൾ മാനവികതാവാദം എന്നത് ഖേദകരവും ആഹ്ലാദകരവും അഭിമാനകരവും അപമാനകരവും പ്രത്യാശാനിർഭരവും അപായകരവുമായ വിരുദ്ധസൂചനകൾ നൽകുന്ന സംജ്ഞയാണെന്നു പറയാം. മാനവികതാവാദത്തെ ഇവയിൽ ഏതെങ്കിലുമൊന്നായി ചുരുക്കി കാണുന്നത് അപകടകരമാണ്. വെറുമൊരു ബൗദ്ധികപ്രസ്ഥാനമല്ല അത്. അനുദിന ജീവിതചര്യകളെ ഊർജിതപ്പെടുത്തുന്ന ദാർശനികതയായി വേണം അതിനെ മനസ്സിലാക്കാൻ.

സമകാലികർ, വിശിഷ്യ ഉത്തരാധുനികർ എല്ലാ അറിവുരൂപങ്ങളുടെയും ബഹുമുഖത്വത്തിൽ ശ്രദ്ധിക്കുന്നവരാണ്. പ്രസ്ഥാനങ്ങളും ചിന്താപദ്ധതികളും പ്രകരണബലംകൊണ്ട് പല മട്ടിൽ പ്രത്യക്ഷപ്പെടുന്നു, പ്രകടമാകുന്നു എന്ന നിർമ്മിതിവാദത്തിന്റെ കാഴ്ചപ്പാടാണ് ഇന്നു പ്രസക്തം. മനുഷ്യൻ എന്ന സങ്കല്പവും ചരിത്രജീവിയും ഇത്തരം ബഹുഭാവങ്ങളിലാണ് ഇന്നു വൈജ്ഞാനികാനുഭവമാകുന്നത്. ചരിത്രത്തിലൂടെ മനുഷ്യൻ കൂടുതൽ മാനവികനാകുന്നു. ഇതിനർത്ഥം മനുഷ്യൻ ബഹുമുഖമായി പരിണമിക്കുന്നു എന്നാണ്. ബഹുമുഖത്വം, പരിണാമം എന്നിവയാണ് ഉത്തരാധുനികകാലത്തെ മനുഷ്യസങ്കല്പത്തിന്റെയും മാനവികതാവാദത്തിന്റെയും സവിശേഷതകൾ. മനുഷ്യനെക്കുറിച്ചുള്ള ഇത്തരം സങ്കീർണ്ണധാരണ പഴമക്കാർക്കു അപരിചിതമായിരുന്നു എന്നു വിവക്ഷയില്ല. മനുഷ്യനെക്കുറിച്ചു തുറവിയുള്ള എത്രയോ ആഖ്യാനങ്ങൾ പഴമയിലുണ്ട്. മലയാളിയുടെ ഓണത്തിന്റെ പുരാവൃത്തവും ഭാരതീയരുടെ മഹാഭാരതവും ഹീബ്രു ബൈബിളിലെ ജോബിന്റെ കഥയും നാനാവഴിക്കു തുറക്കുന്ന മാനവജീവിതാഖ്യാനങ്ങളാണ്. സുനിശ്ചിതത്വങ്ങളിലേക്കല്ല, അനിശ്ചിതത്വങ്ങളിലൂടെ അറിവിന്റെ സാധ്യതാചക്രവാളങ്ങളിലേക്കാണ് ഈ ആഖ്യാനങ്ങൾ വഴിതുറക്കുന്നത്. നാനാവഴിക്കു തുറക്കുന്നവയാണ് അവയുടെ ആഖ്യാനശില്പങ്ങൾ. ഇത്തരം നാനാത്വം തന്നെ മാനവികതയുടെ മൗലികസവിശേഷത. നാരായണഗുരുവിന്റെ "മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി" എന്നതിലെ *ഏതായാലും* ഇത്തരം നാനാത്വത്തിന്റെ ഭാഷാചിഹ്നമാണ്.

ജൂതമതം എന്ന സംജ്ഞയുടെ വിവക്ഷകളും ഉത്തരാധുനികതയുടെ ആശയാവലികളിൽ പുനർവിവരിക്കേണ്ടിയിരിക്കുന്നു. 'ആരാണ് ജൂതൻ?' എന്ന ലളിതമായ ചോദ്യത്തിനു ലളിതമായ ഉത്തരമില്ല. മത വിജ്ഞാനീയത്തിലെ (Religious studies) പുതിയ ഉൾക്കാഴ്ചകൾ നൽകുന്ന തിരിച്ചറിവുകൾ പ്രയോജനപ്പെടുത്തി വേണം ജൂതരെയും ജൂതത്വത്തെയും പുനർവിവരിക്കാൻ. മതഗ്രന്ഥങ്ങളും ജൂതചരിത്രവും മാത്രം പരിഗണിച്ചാൽ പോരാ, സമകാലിക ജീവിതാനുഭവങ്ങൾകൂടി ഗൗനിക്കണം. സമകാലിക ജൂത അനുഭവത്തിലെ അതിശ്രദ്ധേയമായ ഘടകം ജൂതരാഷ്ട്രമായ ഇസ്രായേലാണ്.

1948-ൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ ഒടുവിൽ നിലവിൽ വന്ന ഇസ്രായേൽരാഷ്ട്രം പശ്ചിമേഷ്യയിൽ സംഘർഷചിഹ്നമാണ്. അറബി/മുസ്ലീം-ജൂതസംഘർഷത്തിന്റെ ചിഹ്നമാണ് പലർക്കും ഇസ്രായേൽ. ഇപ്പോൾ ദ്വിരാഷ്ട്ര രൂപീകരണത്തിലൂടെ പ്രശ്നം പരിഹരിക്കാൻ നടക്കുന്ന ശ്രമങ്ങളും ജൂത-മുസ്ലീം ധ്രുവീകരണത്തിലേക്കാണ് മേഖലയെ നയിക്കുന്നത്. ഇതാണ് തീക്ഷ്ണയാഥാർത്ഥ്യം എന്നിരിക്കിലും ജൂത സങ്കല്പത്തെ വർത്തമാനകാലത്തിന്റെ ഭൂപടത്തിൽ ഇസ്രായേൽ എന്നു മാത്രമാക്കി അടയാളപ്പെടുത്തുന്നത് അമിത ലളിതവത്കരണമായിരിക്കും. ഇസ്രായേലിൽ പുതിയ കണക്കനുസരിച്ചു 54 ലക്ഷം ജൂതരാണുള്ളത്. ഇസ്രായേൽ എന്ന സംജ്ഞയിൽ ഇസ്രായേൽ എന്ന ജൂതരാഷ്ട്രപ്രദേശവും വെസ്റ്റ്ബാങ്ക്, ഗാസ എന്നീ അറബിമേഖലകളും ഉൾപ്പെടുത്തുന്നു. ഇവിടെ മൊത്തമുള്ളതു 55 ലക്ഷം അറബികളാണ്. അവരിൽ മഹാഭൂരിപക്ഷവും മുസ്ലീങ്ങളാണ്. ചുരുക്കം ക്രിസ്ത്യാനികളും ജൂതരാഷ്ട്രപ്രദേശത്തുതന്നെ ജൂതേതരർ ഇരുപതു ശതമാനത്തോളം വരും. ലോകത്തിന്റെ ഏതു ഭാഗത്തുള്ള ജൂതർക്കും ഇസ്രായേലിൽ കുടിയേറിപ്പാർക്കാൻ അവസരമുണ്ടെങ്കിലും അന്യനാടുകളിലെ പല ജൂതരും അതു പ്രയോജനപ്പെടുത്തുന്നില്ല. ഏറ്റവും നല്ല ഉദാഹരണം അമേരിക്കയിലെ ജൂതരാണ് . 57 ലക്ഷത്തോളം ജൂതരുണ്ട് അമേരിക്കയിൽ. ഇസ്രായേൽ അടക്കമുള്ള രാജ്യങ്ങളിൽനിന്നു ജൂതർ അമേരിക്കയിലേക്കു കുടിയേറുന്നു. 17 ലക്ഷത്തോളം ജൂതരുണ്ട് ന്യൂയോർക്കിൽ. അതുകൊണ്ട് ജൂതർ = ഇസ്രായേൽ എന്ന സമവാക്യം നിജസ്ഥിതി മനസ്സിലാക്കാൻ ഉപകരിക്കില്ല. അമേരിക്കൻ ജൂതർ അമേരിക്കൻ ദേശീയതയുമായി പൂർണ്ണമായി സാത്മ്യം പ്രാപിച്ചിരിക്കുന്നു. രാഷ്ട്രീയം, സാമ്പത്തികം, സാംസ്കാരികം എന്നിങ്ങനെ എല്ലാ മണ്ഡലങ്ങളിലും അമേരിക്കൻ ജീവിതത്തിൽ പങ്കാളികളായി അതിന്റെ ഗുണദോഷങ്ങൾ അവർ പങ്കുവയ്ക്കുന്നു. അമേരിക്കൻ ഐക്യനാടുകളുടെ സാംസ്കാരിക വൈവിധ്യം സ്പഷ്ടതരമാക്കുന്നതിൽ ജൂതർക്കു നല്ല പങ്കുണ്ട്. ഒപ്പം ജൂതമതത്തിലെ വൈവിധ്യ വൈചിത്ര്യങ്ങളുടെയും

പ്രദർശനശാലയാണ് അമേരിക്ക. ജൂതമതനിയമങ്ങളും ജീവിതച്ചിട്ട കളും പല തരത്തിലാണ് അമേരിക്കയിൽ പ്രകടമാകുന്നത്. പഴമയിൽ പുതഞ്ഞുകിടക്കുന്ന നിശ്ചലരൂപമല്ല ജൂതത്വം. അതു നിരന്തരം പരി ണമിക്കുകയാണ്. ജൈവപരിണാമം എന്നുതന്നെ പറയാം. ഓർത്ത ഡോക്സ് ജൂതർ, നവീകരണ ജൂതർ, യാഥാസ്ഥിതിക ജൂതർ, മതേ തര ജൂതർ എന്നിങ്ങനെ പല വിളിപ്പേരുകളിൽ ജൂതസമൂഹങ്ങൾ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നു. അവർ മൊത്തത്തിൽ പങ്കു വയ്ക്കുന്ന കാര്യങ്ങൾ എന്തെല്ലാം എന്ന് പരിഗണിക്കാം.

ജൂതത്വം ഒരു സംസ്കാരമാണ് എന്ന കാര്യത്തിൽ ജൂതർ ഏകാഭി പ്രായക്കാരാണ്. അതിൽ ചരിത്രത്തിനും മതത്തിനും സാരമായ പങ്കു ണ്ട്. രാഷ്ട്രം, ജനത എന്നീ ആശയങ്ങൾക്ക് ജൂതസങ്കല്പത്തിൽ എത്ര ത്തോളം പങ്കുണ്ടെന്ന കാര്യത്തിൽ ഏകാഭിപ്രായമില്ല. മതത്തിന്റെ കാ ര്യത്തിൽത്തന്നെ നിസ്സാരമല്ലാത്ത അഭിപ്രായഭേദങ്ങളുണ്ട്. ജൂതത്വത്തെ സംസ്കാരമായി അംഗീകരിക്കുന്നവരിൽത്തന്നെ ഈശ്വരവിശ്വാസിക ളല്ലാത്തവർ ഏറെയുണ്ട്. അവരാണ് നിരീശ്വരജൂതർ, അഥവാ മതേ തര ജൂതർ. വംശീയതയാണ് ജൂതത്വത്തിന്റെ അടിസ്ഥാനം എന്നു കരു തുന്നവർ ജൂതരിലും ജൂതേതരരിലും ധാരാളമുണ്ട്. ജൂതസ്ത്രീയിൽ പിറന്നവരോ ജൂതമതത്തിലേക്കു സ്വന്തം ഇഷ്ടമനുസരിച്ചു മതം മാറി യവരോ മാത്രമേ ജൂതരാകൂ എന്നു ചിലർ ശഠിക്കുന്നു. അതല്ല, മിശ്ര വിവാഹത്തിൽ ജനിച്ചു ജൂതസംസ്കാരത്തിൽ വളരുന്നവരും ജൂതർ തന്നെ എന്നു വാദമുണ്ട്. മതം മാറിയാലും ജൂതസമുദായത്തിൽ ജനി ച്ചവർ ജൂതരായി തുടരുമെന്നാണ് മറ്റൊരു നിലപാട്. ഇപ്പറഞ്ഞ കാര്യ ങ്ങൾ മതഗ്രന്ഥങ്ങളും മതനിയമങ്ങളും ചരിത്രമാതൃകകളും ഉദ്ധരിച്ചു സമർത്ഥിക്കുന്നവരെ ജൂതരേഖകളിൽ സുലഭമായി കണ്ടെത്താം. ജൂത ത്വത്തെ ഏകശിലാത്മകമായി മനസ്സിലാക്കുന്ന 'സാമാന്യബുദ്ധി' ചോ ദ്യം ചെയ്തുകൊണ്ടല്ലാതെ ജൂതരുടെ മാനവികതയെക്കുറിച്ചു സമകാ ലികമായി ചർച്ച ചെയ്യാനാവില്ല. ഇസ്രായേൽ രാഷ്ട്രത്തിൽ മതവും രാഷ്ട്രവും തമ്മിൽ ഉറ്റബന്ധമുണ്ട് എന്നതു സത്യംതന്നെ. അവിടെയും ധാരാളം ജൂതർ മതചര്യകൾക്കു പുറത്താണ് എന്ന കാര്യം മറക്കരു ത്. ഭൂരിപക്ഷം ജൂതരും ഇസ്രായേലിനു പുറത്താണ് എന്നതും പ്രത്യേ ക പരിഗണന അർഹിക്കുന്നു. അവർ അതതുദേശത്തെ സംസ്കൃതി കളുമായി ബന്ധപ്പെട്ടു ജീവിതശൈലികൾ വികസിപ്പിച്ചിരിക്കുന്നു. അമേ രിക്കയിലെയും ജർമ്മനിയിലെയും ജൂതർ അതതു ദേശരാഷ്ട്രസം സ്കാരങ്ങൾക്കും മാനവസംസ്കാരത്തിനും നൽകിയ വിലപ്പെട്ട സംഭാ വനകൾ മറന്നുകൂടാ. അമേരിക്കയിലെ ജൂതരിൽ മാനവികതാവാദ ത്തിൽ മാത്രം ഉറപ്പിച്ച ഒരു ജൂതക്കൂട്ടായ്മയുണ്ട്. ഇരുപതിനായിരത്തി ലേറെ അംഗസംഖ്യയില്ലാത്ത ഇക്കൂട്ടർ ജൂതത്വത്തിന്റെ ഘടകമായി

ജൂതമതത്തെ സ്വീകരിക്കുന്നില്ല. മതചിന്ത ഒഴിവാക്കിക്കൊണ്ടുള്ള ജൂതത്വമാണ് അവർ പ്രകടമാക്കുന്നത്. 'ഹ്യൂമനിസ്റ്റിക് ജൂഡയിസം' എന്നാണ് ഈ ഗണം അറിയപ്പെടുന്നത്. ജൂതസംസ്കാരം ജൂതസ്വത്വമായി അവർ കണക്കാക്കുന്നു. മിശ്രവിവാഹമടക്കമുള്ള സമകാലിക ജീവിതാദർശങ്ങൾ സ്വീകരിച്ചുകൊണ്ടു ജൂതരായി ജീവിക്കാം എന്നാണ് ഇക്കൂട്ടർ തെളിയിക്കുന്നത്. കേരളീയ ജൂതരാകട്ടെ അടിയുറച്ച മതവിശ്വാസികളാണ്. കേരളത്തിൽ കഴിഞ്ഞുകൂടിയിരുന്നപ്പോഴും ഇസ്രായേലിൽ കുടിയേറിയപ്പോഴും മതകേന്ദ്രിതമാണ് അവരുടെ ജീവിതം. സിനഗോഗുകളാണ് മുഖ്യസാമൂഹികസ്ഥാപനം. കേരളീയ സിനഗോഗുകൾ, പ്രാർത്ഥനകൾ, പെരുന്നാളുകൾ തുടങ്ങിയവയുടെ കാര്യത്തിൽ മറ്റു സ്ഥലങ്ങളിലെ ജൂതരുമായി പൊരുത്തപ്പെട്ടുപോകുന്നു. മതാനുഷ്ഠാനങ്ങൾക്കു ഹീബ്രു തന്നെ മുഖ്യഭാഷ. എന്നാൽ സാമൂഹികജീവിതത്തിൽ അവർ മലയാളികളാണ്. കൊച്ചിയിലും ചുറ്റുവട്ടത്തുമായി കഴിഞ്ഞുകൂടിയിരുന്ന ജൂതർ വ്യത്യസ്ത സിനഗോഗു സമൂഹങ്ങളായി പ്രവർത്തിച്ചു. അവരെ പ്രോത്സാഹിപ്പിക്കാനും അംഗീകരിക്കാനും ഭരണകർത്താക്കൾ ജാഗ്രത പുലർത്തിയിരുന്നു. ലോകത്തിന്റെ മറ്റെല്ലാ ഭാഗങ്ങളിലും ജൂതർ വേട്ടയാടപ്പെട്ടപ്പോൾ ഇവിടെ അവർ മതദ്രോഹമില്ലാതെ കൂടിപ്പുലർന്നു ജീവിച്ചു. ജൂതചരിത്രത്തിലെ തിളക്കമാർന്ന അധ്യായമാണിത്. കേരളത്തിൽ ഇന്നും നിലനിൽക്കുന്ന ഏഴെട്ടു സിനഗോഗുകൾ ഈ ചരിത്രസത്യത്തിന്റെ സ്മാരകങ്ങളാണ്. മലയാളഭാഷയിലുമുണ്ട് ജൂതസ്മാരകങ്ങൾ – ജൂതസ്ത്രീകൾ തലമുറകളിലൂടെ പാടിപ്പാടി പകർന്നുപോന്ന പാട്ടുകൾ. കല്യാണം, പെരുന്നാൾ എന്നിങ്ങനെ ആഹ്ലാദകരമായ അവസരങ്ങളിലെല്ലാം ജൂതസ്ത്രീകൾ ഉത്സാഹപൂർവം പാടിയിരുന്ന ഈ ഗാനങ്ങൾ ജൂതചരിത്രം, ജൂതമലയാളം, ജൂതഭാവന, ജൂതപുരാണക്കലർപ്പ്, ജൂതവിശ്വാസങ്ങൾ എന്നിവയുടെ ചേരുവകൊണ്ട് ശ്രദ്ധേയമായിരിക്കുന്നു. ജൂതരുടെ മാനവികതയെക്കുറിച്ചുള്ള അന്വേഷണത്തിനു വിലപ്പെട്ട വിഭവങ്ങളാണ് ജൂതരുടെ മലയാളം പെൺപാട്ടുകൾ.

ജൂതരുടെ സാമൂഹികശീലങ്ങളെ നിയന്ത്രിക്കുന്ന ചില ഘടകങ്ങൾ ഇനി നോക്കാം. ജൂത-ക്രൈസ്തവ-മുസ്ലീം പാരമ്പര്യങ്ങളെ ഏകോപിപ്പിക്കുന്ന ഘടകങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വേദഗ്രന്ഥങ്ങളോടുള്ള ആദരവാണ് അതിൽ പ്രധാനം. ജൂതർക്കു ഹീബ്രു ബൈബിൾ, ക്രൈസ്തവർക്ക് ഹീബ്രു ബൈബിളും ഗ്രീക്കു ബൈബിളും (പുതിയ നിയമം), മുസ്ലീങ്ങൾക്കു ഖുറാൻ. ഗ്രന്ഥനിഷ്ഠമായി ഈ മതങ്ങളെ വിശദീകരിക്കാൻ ശ്രമിച്ചാൽ ഇവയെല്ലാം അബ്രഹാമിന്റെയും യോസേഫിന്റെയും മോശെയുടെയും ദാവീദിന്റെയും പാരമ്പര്യത്തെ ആദരിക്കുന്നതു തെളിഞ്ഞു കാണാം. അബ്രഹാമിന്റെ പാരമ്പര്യമുള്ള മതങ്ങൾ (Abrahamic religions) എന്നു ചിലർ ഇതിനെ വിശേഷിപ്പിക്കാറുണ്ട്.

വേദഗ്രന്ഥത്തിൽ പരിമിതപ്പെട്ടു നിൽക്കാതെ വാചികപാരമ്പര്യങ്ങളെക്കൂടി ഉൾക്കൊണ്ടു ജൂതമതനിയമങ്ങൾ പിൽക്കാലത്തു വികസിച്ചു. ചരിത്രത്തിലൂടെയുള്ള പരിണാമമാണിത്. കാനാൻ പ്രവേശം, ഈജിപ്തിലെ അടിമത്തം, ഈജിപ്തിൽനിന്നുള്ള മോചനം, ഗോത്രജീവിതത്തിൽനിന്നു രാഷ്ട്രത്തിലേക്കുള്ള മാറ്റം, അസീറിയൻ ആക്രമണം, ബാബിലോൺ പ്രവാസം, റോമൻ ആക്രമണം, രണ്ടായിരം വർഷത്തെ പ്രവാസം, യൂറോപ്പിലെ ജൂത കൂട്ടക്കൊലകൾ (Holocaust), രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഉണ്ടായ ഇസ്രായേൽ രാഷ്ട്രം, തുടർച്ചയായ അറബി-ഇസ്രായേൽ സംഘർഷം എന്നിങ്ങനെ പരിണമിക്കുകയാണ് ജൂതചരിത്രം. ചരിത്രാനുഭവങ്ങൾ ജൂതസ്വത്വരൂപീകരണത്തിൽ നിർണ്ണായകമാണ്. ഉദാഹരണത്തിന് അബ്രഹാമിന്റെ കാലംമുതൽ കുടിയേറ്റം, പ്രവാസം എന്നീ അനുഭവങ്ങൾ ആവർത്തിക്കപ്പെടുന്നു. ബാബിലോൺ പ്രവാസം മുതൽ ചിതറിക്കപ്പെട്ടവരുടെ നൊമ്പരം ജൂതന്റെ മൗലികഭാവമായിത്തീർന്നു. അസീറിയൻ ആക്രമണത്തിലും റോമൻ ആക്രമണത്തിലും അനേകലക്ഷം ജൂതർ കൊല്ലപ്പെട്ടു, അടിമകളാക്കപ്പെട്ടു. ജറുസലേമിൽ ജൂതർ പടുത്തുയർത്തിയ ഒന്നാം ദേവാലയം ശത്രുക്കൾ തകർത്തുകളഞ്ഞു. ജൂതഭാവനയുടെ മർമ്മവും ദേവാലയത്തിന്റെ കേന്ദ്രവുമായിരുന്ന വാഗ്ദാനപേടകം നശിപ്പിച്ചു. രണ്ടാം ദേവാലയത്തിൽ കേന്ദ്രസ്ഥാനത്തുണ്ടായിരുന്ന ഏഴു ശാഖകളുള്ള വിളക്ക് (menorah) വിജയചിഹ്നമായി റോമക്കാർ കൊണ്ടുപോയി. റോമിലെ വിജയകവാടത്തിൽ ഇപ്പോഴും മെനോറ എന്ന വിളക്കിന്റെ പ്രതിരൂപം കാണാം. ആധുനിക ഇസ്രായേൽ രാഷ്ട്രത്തിന്റെ ഔദ്യോഗികചിഹ്നമാണ് മെനോറ. ജറുസലേമിലെ ഏക ആരാധനാലയം തകർക്കപ്പെട്ടപ്പോൾ പ്രവാസകാലത്തു സിനഗോഗുകൾ ഉണ്ടായി. വേദപാരായണത്തിനും പഠനത്തിനും പ്രാർത്ഥനയ്ക്കുമുള്ള ആലയമാണ് സിനഗോഗ്. ജറുസലേമിലെ പ്രതാപമാർന്ന ദേവാലയവും പുരോഹിതരുടെ അധികാരശ്രേണിയും അസ്തമിച്ചെങ്കിലും സിനഗോഗുകൾ കേന്ദ്രീകരിച്ചു വേദജ്ഞരും ഗുരുക്കന്മാരും (റബ്ബിമാർ) നാനാദേശങ്ങളിൽ ഉണ്ടായി. ബൈബിളിലെ മോശെയുടെ രചനകൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന ആദ്യ അഞ്ചു ഗ്രന്ഥങ്ങളാണ് തോറ (Torah) എന്നറിയപ്പെടുന്ന ജൂതവേദം. ഇതിന്റെ അമ്പത്തിനാലിൽ ഒരു ഭാഗം ഓരോ ശാബത്തിലും സിനഗോഗിൽ വായിക്കും. ഒരു വർഷംകൊണ്ട് തോറ ഒരുവട്ടം വായിച്ചു തീർക്കും. മനോഹരങ്ങളായ കീർത്തനങ്ങൾകൊണ്ട് സിനഗോഗിലെ ശാബത്ത് പ്രാർത്ഥനകൾ വൈവിധ്യപൂർണ്ണമായി വളർന്നു. ജൂത സംഗീതത്തിനും സാഹിത്യത്തിനും ശാബത്ത് പ്രാർത്ഥനകൾ വേദിയൊരുക്കി. അവിടെ തോറയും ശാബത്തും സുന്ദരികളായി വിളയാടി. വധുവും രാജ്ഞിയുമായി അംഗീകരിക്കപ്പെട്ടു. ശാബത്ത് യാന്ത്രികമായ

അനുഷ്ഠാനമാകാതെ ആഹ്ലാദകരമായ ഒത്തുചേരലായി നിലനിറുത്താൻ ജൂതർ ശ്രദ്ധിച്ചിരുന്നു. സിനഗോഗിലെ വേദചർച്ചകൾ വിദ്വൽസദസ്സുകളായി വളർന്നു. പഠിപ്പിനും ചർച്ചയ്ക്കും തർക്കത്തിനും മതപരമായ ഉത്തേജനം ലഭിച്ചു. വിദ്യയുടെ കാര്യത്തിൽ ജൂതർ കൈവരിച്ച നേട്ടത്തിനു പിന്നിൽ ഈ സിനഗോഗു ജീവിതത്തിന്റെ പ്രചോദനം ഉണ്ടായിരുന്നു. നോബൽസമ്മാനജേതാക്കളുടെ പട്ടികയിലും പുറത്തും ജ്ഞാനികളുടെ ഗണത്തിൽ വിശ്വാസികളും അവിശ്വാസികളുമായ ജൂതരുടെ പേരുകൾ തുടരെ പ്രത്യക്ഷപ്പെടുമ്പോൾ കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി സിനഗോഗുകളിൽ നിലനിന്ന സംവാദസദസ്സുകൾ പ്രത്യേക പ്രശംസ അർഹിക്കുന്നു.

ജൂതമാനവികതയുടെ മനോഹരമുഖമാണ് സിനഗോഗുസമൂഹത്തിന്റെ നടപടിക്രമങ്ങൾ. സിനഗോഗു സമൂഹങ്ങൾ പ്രവാസദേശങ്ങളിൽ വികേന്ദ്രീകൃതമായി വികാസം പ്രാപിച്ചതുകൊണ്ടു കഠിനമായ അധികാരപ്രയോഗങ്ങളിൽനിന്ന് അവ വിമുക്തമായിത്തീരുന്നു. മറ്റു പല മതങ്ങൾക്കും ഭരണകൂടത്തിന്റെ സംരക്ഷണം ലഭിച്ചപ്പോൾ നിയന്ത്രണങ്ങൾ വിചാരലോകത്ത് കടന്നുവന്നു. ഊർജസ്വലരായ ചിന്തകർക്കു വിലക്കുകളുണ്ടായി.. അത്തരം ഊരുവിലക്കുകൾക്ക് പ്രവാസി ജീവിതകാലത്ത് സിനഗോഗുകളിൽ ഇടമുണ്ടായിരുന്നില്ല. ഇന്നത്തെ ഇസ്രായേൽ രാഷ്ട്രത്തിൽ മതാധികാരികൾ - റബ്ബിമാർ രാഷ്ട്രഘടനയുടെ പൂരകമായിത്തന്നെ പ്രത്യക്ഷപ്പെടുന്നു എന്നതു മറക്കുന്നില്ല. അതു ബൗദ്ധികജീവിതത്തിലുണ്ടാക്കുന്ന മാറ്റങ്ങൾ ചരിത്രത്തിലൂടെ കണ്ടറിയണം. എന്നാൽ ഭൂരിപക്ഷം ജൂതരും മറുനാടുകളിലായതുകൊണ്ട് ഔദ്യോഗിക നിയന്ത്രണങ്ങൾക്കു പുറത്താണ്. കേരളത്തിലെ ജൂതർക്ക് സിനഗോഗുകളുടെ നടത്തിപ്പിനു സവിശേഷ സമ്പ്രദായങ്ങളുണ്ടായിരുന്നു. കുടുംബങ്ങളിലെ കാരണവന്മാർ ചേർന്ന യോഗമാണ് സിനഗോഗിന്റെ കാര്യങ്ങൾ നോക്കി നടത്തിയിരുന്നത്. മൂപ്പുമുറയനുസരിച്ചായിരുന്നു ഭരണസംവിധാനം. ഓരോ സിനഗോഗും സവിശേഷതകളുള്ള സിനഗോഗു സമൂഹത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു. വിവിധ സിനഗോഗുകളെ ഏകോപിപ്പിക്കാൻ ഏഴുയോഗം എന്ന പേരിൽ പൊതുയോഗവുമുണ്ടായിരുന്നു. ജനാധിപത്യപരം എന്നു വിശേഷിപ്പിക്കാവുന്ന യോഗമാതൃക പരമ്പരാഗത ക്രൈസ്തവസമൂഹത്തിലുമുണ്ടായിരുന്നു. പാശ്ചാത്യരുടെ ഇടപെടൽ കൊണ്ടാണ് അത് അലങ്കോലപ്പെട്ടത്. ജൂതർക്കിടയിൽ വിവിധ സിനഗോഗു സമൂഹങ്ങൾ തമ്മിലുണ്ടായിരുന്ന വ്യത്യാസങ്ങൾ മുൻനിറുത്തി കേരളീയ ജൂതസമൂഹത്തിലെ ജാതിഭേദത്തെക്കുറിച്ചു പല ചർച്ചകളും നടന്നിട്ടുണ്ട്. ജാതിസങ്കല്പം നിർവചിക്കുന്നതിൽ നിസ്സാരമല്ലാത്ത അഭിപ്രായഭേദങ്ങളുള്ളതുകൊണ്ട് ഇക്കാര്യത്തിൽ തീർപ്പു പറയാൻ സാധിക്കുകയില്ല.

സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ വ്യതിരിക്തതകൾ കേരളീയ ജൂതസമൂഹത്തിലുമുണ്ടായിരുന്നു. ജൂതർ ഇസ്രായേലിൽ ഒത്തുകൂടിയപ്പോഴും പല നാടുകളുടെയും പാരമ്പര്യങ്ങളുടെയും സ്വരസങ്കലനമാണ് അവിടെനിന്നു ഉയർന്നു കേൾക്കുന്നത്. ജൂതത്വത്തെ കൃത്യമായി നിർവചിക്കാനുള്ള ഏതു ശ്രമത്തെയും വെല്ലുവിളിക്കുന്നതാണ് ജൂതജീവിതത്തിന്റെ വൈവിധ്യവും ചരിത്രവും. പ്രവാസജീവിതം നൽകിയതാണ് ഈ കലർപ്പിന്റെ വീര്യം.

മാത്രമല്ല, മതപരമായ കാര്യങ്ങളിൽ താല്പര്യമില്ലെങ്കിലും ജൂതത്വത്തിൽനിന്നു ബഹിഷ്കൃതരാകില്ല എന്ന ആശയം സ്വതന്ത്രചിന്തകർക്കു പല ഘട്ടങ്ങളിലും സഹായകമായി. യൂറോപ്പിലും അമേരിക്കയിലും ഇത്തരക്കാർ സൃഷ്ടിച്ച വൈജ്ഞാനിക പ്രകമ്പനങ്ങൾ ചരിത്രത്തിന്റെതന്നെ തിളക്കമാർന്ന അധ്യായങ്ങളാണ്. മാർക്സും ഫ്രോയിഡും ഐൻസ്റ്റയിനും ഉൾപ്പെട്ട ഗണമാണിത്.

ജൂതർക്ക് പരിധിയറ്റ ആത്മവിശ്വാസം പകരുകയും ജൂതേതരരിൽ ഏറെ സ്പർദ്ധയുണർത്തുകയും ചെയ്ത ജൂതസങ്കല്പനമാണ് 'തിരഞ്ഞെടുപ്പ്' (choosenness). ദൈവം ഇസ്രായേലിനെ തിരഞ്ഞെടുത്തു; അതു ജൂതന്റെ കേമത്തമല്ല, ദൈവകൃപയാണ്. ദൈവത്തോടുള്ള വിശ്വസ്തതയാണ് വാഗ്ദാനത്തിന്റെ അന്തസ്സത്ത. ഏകദൈവവിശ്വാസമാണ് ജൂത-ക്രൈസ്തവ-ഇസ്ലാമിക വിശ്വാസങ്ങളുടെ കാതൽ. തങ്ങളുടെ പ്രതികരണങ്ങൾകൊണ്ട് ദൈവത്തോടുള്ള വിശ്വസ്തത നിലനിർത്തുക എന്നത് മനുഷ്യരുടെ നിയോഗമാണ്. ഇതാണ് ധാർമ്മികതയുടെ (ethics) പ്രചോദനം. ഏകദൈവവിശ്വാസം, ധാർമ്മികത, വിശ്വസ്തത എന്നിവയിൽ ഉറപ്പിച്ചതാണ് തിരഞ്ഞെടുപ്പ് എന്ന സങ്കല്പം. ഈജിപ്തിൽനിന്നുള്ള വിമോചനം തിരഞ്ഞെടുപ്പിന്റെ പ്രകടലക്ഷണമായി ഓർത്തഡോക്സ് ജൂതർ കണക്കാക്കുന്നു. അതാണു ജൂതർ പെസഹായ്ക്കു നൽകുന്ന പ്രാധാന്യം. സീനായ് മലയിൽ മോശെയ്ക്കു നൽകിയ വെളിപാടിലൂടെ ഈ തെരഞ്ഞെടുപ്പിന്റെ വാഗ്ദാനപത്രം ലിഖിതരൂപത്തിൽ ലഭ്യമായി. അവ ജൂതനിയമത്തിന്റെ മർമ്മമാണ്. പത്തു കല്പനകൾ എന്ന പേരിൽ പ്രസിദ്ധമായ വിളംബരം ദൈവവും മനുഷ്യനും തമ്മിലും മനുഷ്യരും മനുഷ്യരും തമ്മിലും പാലിക്കേണ്ട ഉടമ്പടിയാണ്. ഒരുതരം ദാമ്പത്യ ഉടമ്പടിയാണത്; സ്നേഹപ്രമാണം എന്നു പറയാം. പത്തു കല്പനകൾ എങ്ങനെ മനുഷ്യനിലെ മനുഷ്യത്വത്തെ ജ്വലിപ്പിക്കുന്നു എന്നു വിശദീകരിക്കേണ്ടതില്ല. ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ചതും ഇന്നും മനുഷ്യരാശിയെ പ്രചോദിപ്പിക്കുന്നതുമായ മാനവികതയുടെ വിളംബരമാണ് ജൂതമതത്തിന്റെ കാതലായ പത്തു പ്രമാണങ്ങൾ. പരമ്പരാഗത ജൂതർക്ക് അനുസരിക്കേണ്ട നിയമങ്ങൾ വേറെയും പലതുണ്ട് - ശുദ്ധി നിയമങ്ങൾ, ഭക്ഷണനിയമങ്ങൾ എന്നിവയടക്കം

613 നിയമങ്ങൾ (mitzvoth). മധ്യയുഗത്തിൽ, അതായത് 8 മുതൽ 12 വരെ നൂറ്റാണ്ടുകളിൽ പ്രവാസികളായ ജൂതരുടെ സ്വത്വരൂപീകരണത്തിൽ ശുദ്ധിനിയമങ്ങളും ഭക്ഷണനിയമങ്ങളും നിർണ്ണായക പങ്കു വഹിച്ചതായി ചരിത്രകാരന്മാർ നിരീക്ഷിക്കുന്നു. തിരഞ്ഞെടുപ്പ് ജൂതകേന്ദ്രമായി അവതരിപ്പിക്കുന്ന ശീലം ജൂതർക്കില്ലായിരുന്നു എന്നും ആബേൽ, യോസേഫ് തുടങ്ങിയ ബൈബിൾ കഥാപാത്രങ്ങൾക്കെന്നപോലെ ഒരു നിയോഗമായിട്ടാണ് അവർ അത് അനുഭവിച്ചിരുന്നതെന്നും ഹാർവാർഡിലെ പ്രൊഫസറായ ജോൺ ലെവിൻസോനിസ് (Jon. D. Levensonis) വാദിക്കുന്നു. (http: // www.commentarymagazine.com/ print article.cfm/chosenness-and-its-enemies-13662 dated 30/1/2009).

യോസേഫിന്റെ നിയോഗംതന്നെ പരിഗണിക്കുക. അയാൾക്കു ലഭിച്ച തിരഞ്ഞെടുപ്പ് അയാൾക്കു നൽകിയതു സഹോദരവിദ്വേഷമാണ്. എങ്കിലും അയാളുടെ പീഡാനുഭവം എല്ലാവരുടെയും രക്ഷയ്ക്ക് ഉപകരിച്ചു. തിരഞ്ഞെടുക്കപ്പെട്ടവർ മാത്രമല്ല രക്ഷിക്കപ്പെട്ടവർ. തിരഞ്ഞെടുക്കപ്പെട്ടവർ = രക്ഷിക്കപ്പെട്ടവർ എന്നു ധരിക്കാതിരിക്കാനുള്ള മുൻകരുതലുകൾ ജൂതമതത്തിലുണ്ട്. ജൂതരുടെ പീഡനപർവങ്ങൾ ചരിത്രത്തിൽ മാത്രമല്ല, ജൂതബൈബിളിൽത്തന്നെയുണ്ട്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർ എന്ന നിലയിൽ അവർ ഏകദൈവവിശ്വാസത്തിൽനിന്നും ധർമ്മതത്ത്വങ്ങളിൽനിന്നും വ്യതിചലിക്കുമ്പോൾ കഠിനശിക്ഷകൾക്ക് അവർ വിധേയരാകുന്നു. പ്രവാചകനിലൂടെ കടന്നുവരുന്നു. തീപാറുന്ന വാക്കുകൾ പതിക്കുന്നതു 'തിരഞ്ഞെടുക്കപ്പെട്ടവരുടെ' ഗണത്തിലാണ്. ഇതാണ് തിരഞ്ഞെടുപ്പിന്റെ അടയാളം. ഇങ്ങനെ നിരന്തരം പരീക്ഷിക്കപ്പെടുകയും ശിക്ഷണം നേടുകയും ചെയ്യുന്ന ഒരു സമൂഹത്തിനു അപരരെക്കുറിച്ചു പുച്ഛമുണ്ടാകാൻ നിവൃത്തിയില്ല. അതല്ല ജൂതരുടെ അഹംഭാവം കൊണ്ടാണ് അവർക്കു ലോകത്തിന്റെ നാനാഭാഗങ്ങളിൽ പീഡനമേൽക്കേണ്ടിവന്നത് എന്നു തുടർന്നു വാദിക്കുകയാണെങ്കിൽ അതിനു ചരിത്രപരമായ തെളിവുകൾ നൽകേണ്ടിവരും എന്ന് ലെവിൻസോനിസ് വാദിക്കുന്നു. ഏതായാലും നാസിജർമ്മനിയിലെ 'ജൂതക്കുരുതി' അടക്കമുള്ള ദുരന്തങ്ങൾക്കെല്ലാം ജൂതരുടെ 'അഹംഭാവ'മാണ് കാരണം എന്നു വാദിക്കാൻ നിവൃത്തിയില്ല. ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിവിധ മതക്കാർ മറ്റു മതക്കാരെ കൂട്ടക്കൊല ചെയ്യുന്ന ധാരാളം ഉദാഹരണങ്ങളുണ്ട്. അവിടെയൊന്നും ഇത്തരം യുക്തികൾ ആരും ഉന്നയിച്ചുകാണാറില്ല. 'തിരഞ്ഞെടുക്കപ്പെട്ട ജനം' എന്ന സങ്കല്പനത്തെ ജൂതർ എങ്ങനെ മനസ്സിലാക്കുന്നു എന്ന അന്വേഷണത്തിനു കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. അതാണ് ഇവിടെ ചുരുക്കി വിവരിച്ചത്.

ജൂതമാനവികതയെ നിർണ്ണായകമായി സ്വാധീനിച്ച മറ്റൊരു ഘടകം

അവരുടെ പ്രവാസ (diaspora) അനുഭവമാണ്. രണ്ടായിരം വർഷമായി ജൂതർ ചിതറിപ്പാർക്കുകയായിരുന്നു. ചെന്നിടത്തെല്ലാം അവർ പ്രവാസികൾ (sojourners) ആയിരുന്നു; തൽക്കാലത്തേക്കു പാർക്കുന്നവർ; അതും ചെറിയൊരു ന്യൂനപക്ഷം. എന്നിട്ടും അവിച്ഛിന്നമായ പിന്തുടർച്ചയോടുകൂടി നിലനിൽക്കാനും തനിമബോധത്തോടെ ജീവിക്കാനും അവർക്കു കഴിഞ്ഞു. 'ഗെട്ടോ മനോഭാവം' എന്നു മുദ്രയടിക്കപ്പെടുന്ന തരത്തിലുള്ള മതാത്മകകൂട്ടായ്മ ഇവരുടെ അതിജീവനത്തെ സഹായിച്ചു. തോറയും സിനഗോഗും ഗുരുക്കന്മാരുടെ പ്രവാസാനുഭവത്തെ സാന്ദ്രമാക്കി. പൊതുസമൂഹവുമായി കാര്യക്ഷമമായി ഇടപെടുന്ന ഉജ്വലമുഹൂർത്തങ്ങളും പ്രവാസാനുഭവത്തിൽ ഉൾപ്പെടും. എങ്കിലും ദുരന്തകഥകളാണ് ഏറെയുള്ളത്. ജൂതഭാഷകൾ എന്നു വിളിക്കപ്പെടുന്ന സവിശേഷ സങ്കരഭാഷകളിലൂടെ തനിമയാർന്ന അനുഭവങ്ങൾ അവർ സാഹിതീയമായി ആവിഷ്കരിച്ചു. യിദ്ദീഷ്, ലദീനോ, ജൂദയോ അറാബിക് എന്നിവപോലെ ജൂതമലയാളം. ജൂതസ്ത്രീകളുടെ പാട്ടുകളാണ് ജൂതമലയാളത്തിലെ സാഹിത്യം. മലയാളത്തിലെ സാഹിത്യശാഖകളുമായി പൊരുതി തങ്ങളുടെ സ്വത്വം വേർതിരിച്ചു കാണിക്കാനല്ല, തികഞ്ഞ ആത്മാവിഷ്കാരത്തിനാണ് വാമൊഴിച്ചന്തമുള്ള നാടൻപാട്ടുകൾ അവർ പാടിത്തിമിർത്തത്. നൂറ്റാണ്ടുകൾ പഴക്കമുള്ള ആ പാട്ടുകൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ അവർ ശ്രമിച്ചതേയില്ല. അത്തരം ഇരുന്നൂറോളം പാട്ടുകൾ ഇപ്പോൾ വിവിധ കൈയെഴുത്തുഗ്രന്ഥങ്ങളിൽനിന്നു നരവംശശാസ്ത്രജ്ഞർ ശേഖരിച്ചിട്ടുണ്ട്. ജൂതരുടെ പ്രവാസജീവിതത്തിന്റെ നാനാവശങ്ങൾ മനസ്സിലാക്കാൻ മലയാളിക്ക് ഏറ്റവും നല്ല ഉപാദാനങ്ങൾ ഈ പെൺപാട്ടുകളാണ്. മലയാളത്തിന്റെ ജീനിയസ്സ് മാപ്പിളപ്പാട്ടുകളിൽ എന്നപോലെ ഇവയിലും പ്രകടമാകുന്നു. പ്രവാസാനുഭവദീപ്തികൊണ്ട് അവ ഇതരമലയാളസാഹിത്യഗണങ്ങളിൽനിന്നു വേർതിരിഞ്ഞു നിൽക്കുന്നു. അമ്പത്തൊന്നു ജൂതപെൺപാട്ടുകൾ ഇപ്പോൾ അച്ചടിയിലെത്തിയിട്ടുണ്ട്. അതിൽനിന്നു പ്രവാസാനുഭവം വെളിവാക്കുന്ന ഒരു ഭാഗം:

'ദേശപ്പെട വേണം തമ്പിരാനെ
നന്മ വരത്തേണം പെരിയവനേ
മിതിച്ച വരത്തേണം തമ്പിരാനേ
മേനി നന്മയും വരുത്തേണം
അവതെരിച്ചിരിക്കുന്ന പുരുഷനെയും
ആവോളം മൊയിച്ചു വരത്തവേണം
മണ്ണിപതകിയ ലോകരെയും
മറവാതെ കാട്ടണം തമ്പിരാനെ'

(ഉണ്ണു നമുക്ക്, കാർകുഴലി 2005:98)

'ദേശപ്പെട വേണം' എന്ന പ്രാർത്ഥനയുടെ സാരം തങ്ങളെ ജറുസലേമിൽ എത്തിക്കണം എന്നാണ്. 'അടുത്തവർഷം ജറുസലേമിൽ' എന്നതു ജൂതലോകത്തെ ശുഭാശംസയാണ്. ജറുസലേമിന്റെ പര്യായപദമായിട്ടാണ് സിയോൻ ജൂതസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത്. സിയോൻ പ്രസ്ഥാനങ്ങൾക്ക് ഇങ്ങനെയൊരു ചരിത്രപശ്ചാത്തലവും പ്രവാസത്തിന്റെ നൊമ്പരവും മതപരമായ ഉൽക്കണ്ഠയുമുണ്ടെന്നു പലരും മറന്നുപോകുന്നു. ജന്മനാട്ടിൽനിന്നു ബഹിഷ്കൃതരായി അലയുന്നവരുടെ പ്രാർത്ഥനാസ്വരമാണ് ഇവിടെ ഉദ്ധരിച്ച ഭാഗത്തുള്ളത്. 'മീതിച്ച' 'മീഴ്ച'യുടെ രൂപഭേദമാണ്. രക്ഷയും രക്ഷകനും ജൂതസ്വപ്നമായി ഈ പാട്ടിൽ പ്രത്യക്ഷപ്പെടുന്നു. 'മിശിഹാ'യുടെ വരവിനു വേണ്ടിയുള്ള തീവ്രമായ കാത്തിരിപ്പ് പ്രവാസാനുഭവത്തിന്റെ ഭാഗമായി ഇവിടെ കാണാം. 'അവതരിച്ചിരിക്കുന്ന പുരുഷനാ'ണ് മിശിഹ. മരിച്ചവർ അവരുടെ കബറിടങ്ങളിൽ നിദ്രകൊള്ളുന്നു എന്ന വിശ്വാസത്തിലാണ് 'അവരുടെ കാര്യവും മറന്നുകൂടാ' എന്നു അവസാനപാദത്തിൽ ഓർമ്മിപ്പിക്കുന്നത്. ഭൂതവും ഭാവിയും വർത്തമാനത്തിൽ ഞെരിഞ്ഞമർന്നു നിൽക്കുന്ന അനുഭവമാണ് ഈ വരികൾ പകരുന്നത്. ഇതിൽ മണ്ണിൽ പഴകിയ മനുഷ്യരും വരാനിരിക്കുന്ന മീഴ്ചക്കാരനും ദേശപ്പെടാൻ വെമ്പിനിൽക്കുന്നവരുടെ മനസ്സിൽ തിക്കിത്തിരക്കി നിൽക്കുന്നു. ഇതാണ് പ്രവാസസാഹിത്യത്തിന്റെ മാനവികമുദ്ര. അതു ഗ്രഹിക്കാൻ ജൂതമനസ്സിനെ അതിന്റെ സാംസ്കാരികശ്യംഖലയിൽ തിരിച്ചറിയണം.

'ജൂതമതവും മാനവികതയും' ചർച്ച ചെയ്യുമ്പോൾ മറന്നുകൂടാത്ത ഒരു കാര്യംകൂടി ഉണ്ട്. ക്രൈസ്തവ, ഇസ്ലാം പാരമ്പര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജൂതമാർഗ്ഗത്തിൽ പരലോകത്തിനു പ്രാധാന്യം കുറവാണ്. മരണാനന്തരം വരാനിരിക്കുന്ന പരലോകത്തെ ചൂണ്ടിക്കാണിച്ച് ഇഹലോകകാര്യങ്ങൾ ചിട്ടപ്പെടുത്താൻ ജൂതമതം ഏറെ ശ്രമിക്കുന്നില്ല. ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയിലും മനുഷ്യബന്ധങ്ങളിലും ഊന്നൽ നൽകിക്കൊണ്ട്, അവയെതന്നെ ആദർശവും ലക്ഷ്യവുമാക്കിക്കൊണ്ട് പ്രവർത്തിക്കാനാണ് ജൂതമതസന്ദേശം. ധർമ്മവ്യവസ്ഥ ഉറപ്പിക്കാൻ ദൈവത്തോടുള്ള ഉടമ്പടിയും തങ്ങൾക്കുള്ള സവിശേഷപദവിയും (choosenness) മനുഷ്യർ ഓർമ്മിക്കണം എന്നാണ് മുഖ്യസന്ദേശം. പരലോകത്തിന്റെ പ്രലോഭനങ്ങളല്ല, ഇഹലോകത്തിലെ നീതിയും ശാന്തിയുമാണ് ജൂതലിഖിതങ്ങൾ ആദർശങ്ങളായി അവതരിപ്പിക്കുന്നത്. ജൂതസമൂഹത്തിലെ തലയെടുപ്പുള്ള പല ആദർശവാദികളും ഇത്തരം ജീവിതകേന്ദ്രിതത്വത്തിന്റെ വക്താക്കളായിരുന്നു. അവരിൽ പലരും ജൂതമതവിശ്വാസികളായിരുന്നില്ല എന്നതു മറ്റൊരു കാര്യം.

'അറിവാളൻ മോശെ' ജൂതർക്ക് പ്രിയപ്പെട്ട നായകകഥാപാത്രമാണ്. എങ്കിലും വാഗ്ദാനദേശത്തേക്കു കടക്കാൻ മോശെയ്ക്കു അനു

വാദം ലഭിച്ചില്ല. ഈ വൃത്താന്തം ചുരുങ്ങിയ വാക്കുകളിൽ ബൈബിളിലുണ്ട് (നിയമാവർത്തനപുസ്തകം/Deutronomy 32:45 - 34:7). കേരളീയജൂതരുടെ മലയാളം പെൺപാട്ടിൽ ഇതു പുനരാഖ്യാനം ചെയ്യുന്നുണ്ട്. പ്രസക്തഭാഗം കാർകുഴലിയിൽനിന്നു ഉദ്ധരിക്കാം:

"പതിമൂന്നാം സേവർ തോറാടെ പാട്ട്
'തമ്പുരാൻ മുയിമ്പു തൊണെയായി
മിതിച്ചെടെ കാലം അണഞ്ഞു
അറിവാളൻ മോശെയിറബാൻ
മീണ്ടും കൊണ്ടു ഇങ്ങോട്ടു പോരുമ്പ
അരുളപ്പാടു ഉണ്ടായി അപ്പോൾ
യർഡെൻ കടക്കെല്ലെ എന്നു മോശെ
ഉത്തരം പറഞ്ഞൂടാ മൊശെ
ഒഹബി ഒടയനൊടു അപ്പ
സങ്കടം കാമാനൊ ഞാനും
സന്തോഷമില്ലേ ഇനിക്കു
ആശകൾ അരുത്
ആപേക്ഷിക്ക വേണ്ട നീ മോശെ
ഏറ്റം പെരിമകളിലും
നിനക്കു തരുവേൻ ഞാൻ മോശെ
നിന്റെ കടഞ്ഞൂൽ മക്കൾക്കു
മിഹദോശും പെരുമയും കാണാം
കണ്ടു നിറവോടിരിപ്പാൻ
കാതലിൽകൂട്ടു ഒടയോനെ
പറക്കുന്ന പക്ഷിയെപ്പോലെ
രാജ്യം കാണണമെന്നു
നാനൂറ്റി കാതം വഴിയും
അടുപ്പിച്ചു കാട്ടിക്കൊടുത്തു
കണ്ണിൻ വെളിയും കൊടുത്തു
കാഴ്ചകൾ എല്ലാമോ കാമാൻ
രാജ്യം കണ്ടൊരു നേരം
ദുഃഖിച്ചാൻ അപ്പാളൊമോശെ
പതിമൂന്ന സേഫർ തോറാ
ഒരു നാളിൽ എഴുതിയ മോശെ
ശേബാത്തു പന്ത്രണ്ടീനു
ഓരോന്നെ വിളിച്ചുകൊടുത്തു
പതിമൂന്നാം സേഫർ തോറാ
തന്റെ തിരുമുമ്പിൽ വച്ചു

എന്നെക്കും തന്നെ സ്തുതിപ്പാൻ
ഏകെണം താൻ പെരിയോനെ. '

അറിവാളൻ മോശെയുടെ ജീവിതകഥയിലെ സമാപനരംഗമാണ് ഈ പാട്ടിലുള്ളത്. തോറ, വേദഗ്രന്ഥമാണ്. അതു മോശെവഴി ഇസ്രായേൽക്കാർക്കു നൽകി. മോശെ തന്നെ അതിന്റെ പതിമൂന്നു പകർപ്പുകളെടുത്തു. പന്ത്രണ്ടെണ്ണം, ഓരോന്നുവീതം പന്ത്രണ്ടു ശേബാത്തിന് (ഗോത്രത്തിനു) നൽകി. പതിമൂന്നാം പകർപ്പ് 'തിരുമുമ്പിൽ' സമർപ്പിച്ചു. ഇതാണ് പതിമൂന്നാം സേവർ തോറാടെ പാട്ട് എന്ന പേരിന്റെ ഔചിത്യം.

മീതിച്ചയുടെ (മീഴ്ചയുടെ) കാലം തികഞ്ഞപ്പോൾ ഇസ്രായേൽ ജനങ്ങളെ 'അറിവാളൻ മൊശെയി റബാൻ', വാഗ്ദാനദേശത്തേക്കു കൂട്ടിക്കൊണ്ടു പോയി. 'യർഡെൻ' (യൊർദ്ദാൻ നദി) കടന്നാൽ വാഗ്ദാനദേശമായി. അവിടെ വച്ചു മോശെയുടെ ജീവിതകാലം അവസാനിക്കുന്നു. 'ഒഹബി ഒടയനൊടു' (പ്രിയപ്പെട്ട ഉടയവനോടു) മോശെ ചോദിക്കുന്നു: 'സങ്കടം കാമാനൊ ഞാനും'. നല്ലകാലം പടിവാതിൽക്കൽ എത്തുമ്പോൾ, സന്തോഷം നിഷേധിക്കപ്പെടുന്നു. സങ്കടങ്ങളുടെ മരുഭൂമിയിലൂടെയുള്ള യാത്ര ഇങ്ങനെ അവസാനിക്കുന്നതിൽ മോശെ ദുഃഖിക്കുന്നു. മിഹദോശും (ദേവാലയവും) പെരുമയും കാണാനുള്ള ഭാഗ്യം പിന്മുറക്കാർക്കാണ്. 'ആശകൾ അരുത്' എന്ന് അരുളപ്പാട്. പക്ഷിയെപ്പോലെ പറന്നു നടന്നു നാടു (വാഗ്ദാനദേശം) കാണണമെന്ന് അപേക്ഷ. ജൂതപുരാണമനുസരിച്ച് മോശെയ്ക്കു പ്രത്യേക 'കണ്ണിൽ വെളിവു' കൊടുത്തു. രാജ്യം കണ്ടപ്പോൾ 'ദുഃഖിച്ചാൻ അപ്പാളൊ മോശെ'. ആ ദുഃഖഭാരത്തിൽ പാട്ടുകൂട്ടായ്മയുടെ മനസ്സു നുറുങ്ങുമ്പോൾ രംഗം മാറുന്നു. ബൈബിളിലെ (നിയമാവർത്തന പുസ്തകം, Deutronomy 32:45 -34:7) നാടകീയവും ശോകനിർഭരവുമായ വിവരണം ചുരുങ്ങിയ വരികളിൽ പുനർവിവരിക്കാൻ ജൂതസ്ത്രീകൾക്കു കഴിയുന്നുണ്ട്. അതൊരു ശുഭവൃത്താന്തമാക്കാൻ ജൂതപുരാണത്തിൽനിന്നുള്ള പതിമൂന്നാം സേവർ തോറാടെ വിവരണമടങ്ങുന്ന രണ്ടാം ഭാഗം ഉപകരിക്കുന്നു."

ബൈബിളും ജൂതപുരാണവും കലർത്തിയുള്ള പുനരാഖ്യാനത്തിലൂടെ ജൂതമാനവികതയുടെ സ്ഥായിഭാവങ്ങൾ ഇവിടെ വെളിപ്പെടുന്നു. സങ്കടങ്ങളുടെ താഴ്വരയിലൂടെയുള്ള പ്രയാണം കഴിയുന്നിടത്തോളം ആഹ്ലാദകരമായി മുന്നോട്ടു കൊണ്ടുപോകാനാണ് ഓരോരുത്തരുടെയും നിയോഗം. അതിനിടയിൽ കടന്നുവരുന്ന ഇച്ഛാഭംഗങ്ങളെ ദൈവാശ്രയബുദ്ധികൊണ്ടു ഒരുവിധം തരണം ചെയ്യാൻ മനുഷ്യനു കഴിഞ്ഞേക്കും. ആ ശുഭദർശനമാണ് മോശെയുടെ പാട്ടിലുള്ളത്.

മാനവികതാവാദത്തിന്റെ ചില ശാഖകൾ മനുഷ്യനെ ശക്തിദൗർബ

ല്യങ്ങളോടുകൂടി മനസ്സിലാക്കാനും അവതരിപ്പിക്കാനും വ്യഗ്രതപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ ജൂതമതവും ജൂതമതസാഹിത്യവും മികച്ച മാതൃകകൾ നൽകുന്നു. 'തിരഞ്ഞെടുക്കപ്പെട്ട ജനത്തി'ന്റെ കേമത്ത വൃത്താന്തങ്ങൾക്കൊപ്പം അവരുടെ പതനകഥകളും ഹീബ്രു ബൈബിളിൽ വിശദമായി അവതരിപ്പിക്കുന്നുണ്ട്. ഏറ്റവും നല്ല ഉദാഹരണം ദാവീദു രാജാവാണ്. ഇസ്രായേലിന്റെ രാഷ്ട്രീയമോഹങ്ങൾ യാഥാർത്ഥ്യമാക്കി ജറുസലേം കേന്ദ്രമാക്കി രാജാധിപത്യം ഉറപ്പിച്ച ദാവീദ് സുന്ദരിയായ ബത്ശേബയുടെ കാര്യത്തിൽ കാട്ടിക്കൂട്ടിയ അതിക്രമങ്ങൾ ബൈബിൾ മറവില്ലാതെ വിവരിക്കുന്നു. അതിനുള്ള പ്രതിഫലം കൃത്യമായി എണ്ണിവാങ്ങുകയും ചെയ്യുന്നു. ദാവീദ് എന്ന കവിയെയും പച്ചമനുഷ്യനെയും ദൈവികതയും മാനുഷികതയും കലർന്നൊഴുകുന്ന വികാരക്കടലായി ബൈബിൾ അവതരിപ്പിക്കുന്നു. മാനവികതയുടെ ഇത്തരം മഹത്തായ ചിത്രീകരണങ്ങൾ ജൂതമതസാഹിത്യത്തിൽ സുലഭമാണ്. പ്രവാസകാലത്തു വിവിധ നാടുകളിൽ വികസിച്ച ബൈബിൾ പുരാണാവലി (midrash) ഇത്തരത്തിൽ ഏറെ ശ്രദ്ധേയങ്ങളാണ്. കൊച്ചിയിലെ ജൂതസ്ത്രീകൾ മിദ്രാഷുകൾ കലർത്തി ബൈബിൾക്കഥകൾ പുനരാഖ്യാനം ചെയ്തിരുന്നു. ദാവീദിനെ ഗോലിയാത്ത് വെല്ലുവിളിച്ചു നിൽക്കുമ്പോൾ ഒരു കൊതുകു ഗോലിയാത്തിന്റെ മുഖത്തു കടിച്ചെന്നും അതിനെ തൂത്തുമാറ്റാൻ ശിരഃകവചം നീക്കിയ തക്കത്തിലാണ് ദാവീദ് അയാളെ എറിഞ്ഞു വീഴ്ത്തിയതെന്നും ഒരു മലയാളം പെൺപാട്ടിൽ കേൾക്കുന്നു! ഇങ്ങനെ ഫലിതമയമായി ഏതു വിഷയവും കൈകാര്യം ചെയ്യുന്ന മാനസികപാകമുണ്ടല്ലോ അതു മാനവികതയുടെ നല്ല വിളനിലമാണ്. ഉത്തമ മാനവികതാവാദം ദൈവികമായതിനെക്കൂടി മാനവികമാക്കുന്നു എന്നു ചിലർ നിരീക്ഷിച്ചിട്ടുണ്ട്. ഹീബ്രു ബൈബിളിൽ ദൈവത്തിനുപോലും ഇത്തരം മാനുഷികരൂപഭാവങ്ങൾ നൽകുന്ന പല സന്ദർഭങ്ങളുണ്ട്. ജൂതമതസാഹിത്യത്തിൽ ഇത്തരം മനുഷ്യത്വാരോപങ്ങൾ സുലഭമാണ്.

ജൂതർ പരസ്പരം കണ്ടുമുട്ടുമ്പോൾ 'ശലോം' എന്നാണ് ആശംസ പറയുന്നത്. 'സമാധാനം' എന്നാണ് ഇതിനർത്ഥം. ജൂതചരിത്രത്തിൽ വിരളമായി മാത്രം അനുഭവിക്കാൻ ഇടവന്നിട്ടുള്ളതാണ് 'സമാധാനം'. സമാധാനത്തിനു സുസ്ഥിതി, ക്ഷേമം, ഐശ്വര്യം എന്നെല്ലാം ദ്വിതീയാർത്ഥങ്ങൾ കല്പിക്കാറുണ്ട്. അറബിയിലെ 'സലാം' ഓർമ്മിക്കുക. ജൂതരുടെ ശലോമും അറബികളുടെ സലാമും പശ്ചിമേഷ്യയിൽ നിറവേറുമ്പോഴായിരിക്കും മാനവികതയുടെ ചരിത്രത്തിലെ പുതിയ അധ്യായം ആരംഭിക്കുന്നത്.

ഗ്രന്ഥസൂചി

Davis Tony 1997, Humanism, Routledge, London

Gamliel, Ophira 2009 Jewish Malayalam, International Journal of Dravidian Linguistics, Vol XXXVIII, No 1 pp 147-177
Kluger, Jeffrey 2007 The Biology of Belief, TIME, Vol 173, No 7 pp 32-37
King, Hans 2002,/ Tracing the Way, Continum, London
McGirk, Tim 2009,/ Can Israel Survive, TIME Vol 173, No 2 pp 15-18
Zacharia Scaria , 2005/കാർകുഴലി: ജൂതരുടെ മലയാളം പെൺപാട്ടുകൾ, Ophira Gamliel , ബെൻസ്വി ഇൻസ്റ്റിറ്റ്യൂട്ട്, ജറുസലേം